സൈനിക സ്കൂൾ ക്യാമ്പസിൽ നിന്ന് 'കിൻഫ്രാ'യ്ക്ക് സ്ഥലം കൈമാറിയ നടപടി

38 (3679) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം സൈനികസ്കൂൾ ക്യാമ്പസ്സിൽ നിന്ന് 'കിൻഫ്രാ'യ്ക്ക് സ്ഥലം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് എത്ര ഏക്കർ ഭൂമി കിൻഫ്രായ്ക്ക് വിട്ടുകൊടുത്തിട്ടുണ്ട് ;

(സി) സ്ഥലം കൈമാറ്റം ചെയ്തതിന് സൈനികസ്കൂൾ അധികൃതർക്ക് നൽകിയ നഷ്ട പരിഹാരം കുറവായതിനാൽ സമീപ സ്ഥലങ്ങളുടെ നിലവിലുള്ള വില കണക്കാക്കി നഷ്ടപരിഹാരം നൽകാൻവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിച്ചുണ്ട്.

(ബി) 75 ഏക്കർ.

(സി) 75 ഏക്കർ ഭൂമി ഒരേ നിരപ്പിൽ ഉള്ളതല്ല. പല ഉയർച്ചയിലും താഴ്ചയിലുമാണ് ഈ ഭൂമി സ്ഥിതിചെയ്യുന്നത്. ഈ കാരണത്താലും 75 ഏക്കർ ഭൂമി ഒന്നിച്ചെടുക്കുന്നതിനാലും നഷ്ടപരിഹാരമായി നൽകിയിരിക്കുന്ന തുക സമീപ സ്ഥലവിലയുമായി തട്ടിച്ചു നോക്കുമ്പോൾ ഒട്ടും കുറവല്ല. അതിനാൽ ഇപ്പോൾ നൽകിയതിനേക്കാൾ കൂടുതൽ നഷ്ട പരിഹാരം നൽകുവാൻ കിൻഫ്രാ നടപടി സ്വീകരിക്കുന്നില്ല. 75 ഏക്കർഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നഷ്ട പരിഹാരം 3 കോടി രൂപയായി അംഗീകരിച്ചുകൊണ്ടുള്ള കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും തീരുമാനം ലഭിച്ചതിനുശേഷമാണ് കിൻഫ്രാ ഭൂമി ഏറ്റെടുക്കുകയും തുക കൈമാറുകയും ചെയ്തിട്ടുള്ളത്.

കഴക്കൂട്ടം സൈനിക സ്കൂൾ ക്യാമ്പസിൽ നിന്നും കിൻഫ്രായ്ക്ക് സ്ഥലം കൈമാറ്റം

39 (3680) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം സൈനികസ്കൂൾ ക്യാമ്പസിൽ നിന്നും കിൻഫ്രായ്ക്ക് എത്ര ഏക്കർ സ്ഥലം കൈമാറ്റം നടത്തിയെന്നും സ്കൂൾ അധികൃതർക്ക് എന്ത് നഷ്ടപരിഹാരം നല്കിയെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഷ്ടപരിഹാരമായി നൽകിയ തുക സൈനിക സ്കൂൾ ക്യാമ്പസിന് സമീപമുള്ള സ്ഥലവിലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവായതിനാൽ സമീപസ്ഥലവിലയ്ക്ക് സമാനമായ വില നഷ്ടപരിഹാരമായി നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ക്യാബിനറ്റ് തീരുമാനപ്രകാരമാണോ കിൻഫ്രായ്ക്ക് സൈനികസ്കൂൾ സ്ഥലം നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴക്കൂട്ടം സൈനികസ്കൂൾ ക്യാമ്പസിൽ നിന്നും കിൻഫ്രാ 75 ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്. 75 ഏക്കർ ഭൂമി കിൻഫ്രായ്ക്ക് കൈമാറുന്നതിനുള്ള നഷ്ടപരിഹാരം 3 കോടി രൂപയായി അംഗീകരിച്ചു കൊണ്ടുള്ള കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും തീരുമാനം ലഭിച്ചതിനുശേഷമാണ് കിൻഫ്രാ ഭൂമി ഏറ്റെടുക്കുകയും തുക കൈമാറുകയും ചെയ്തിട്ടുള്ളത്.

(ബി) 75 ഏക്കർ ഭൂമി ഒരേ നിരപ്പിൽ ഉള്ളതല്ല. പല ഉയർച്ചയിലും താഴ്ചയിലുമാണ് ഈ ഭൂമി സ്ഥിതി ചെയ്യുന്നത്. ഈ കാരണത്താലും 75 ഏക്കർ ഭൂമി ഒന്നിച്ചെടുക്കുന്നതിനാലും നഷ്ടപരിഹാരമായി നൽകിയിരിക്കുന്ന തുക സമീപസ്ഥല വിലയുമായി തട്ടിച്ചു നേക്കുമ്പോൾ ഒട്ടും കുറവല്ല. അതിനാൽ ഇപ്പോൾ നൽകിയതിനേക്കാൾ കൂടുതൽ നഷ്ടപരിഹാരം നൽകുവാൻ കിൻഫ്ര നടപടി സ്വീകരിക്കുന്നില്ല.

(സി) കിൻഫ്രായ്ക്ക് ഭൂമി നൽകാൻ മന്ത്രിസഭ തീരുമാനമെടുത്തിരുന്നു.

വാടകയിനത്തിൽ മലപ്പുറം ജില്ലയിലെ സ്കൂളുകളുടെ കുടിശ്ശിക തുക

40 (3681) ശ്രീ. പി. കെ. അബ്ദുറബ്ബ്
ശ്രീ. കെ. പി. എ. മജീദ്
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ വാടക ഇനത്തിൽ മലപ്പുറം ജില്ലയിൽ എന്തു തുക കുടിശ്ശികയുണ്ട് ;

(ബി) ഈ തുക ഏതേത് വർഷത്തേയ്ക്കുള്ളതാണെന്നും ഏതൊക്കെ സ്കൂളുകൾക്കു വേണ്ടി നൽകാനുള്ളതാണെന്നും വ്യക്തമാക്കാമോ ;

(സി) ഇത്രയും കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31-3-2000 വരെയുള്ള കണക്കനുസരിച്ച് 69,02,904 രൂപ കുടിശ്ശികയുണ്ട്. അതിൽ ഈ വർഷം 31,77,954 രൂപ കെട്ടിട ഉടമകൾക്ക് നൽകുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അലോട്ടുമെന്റ് നൽകിയിട്ടുണ്ട്. ബാക്കി കുടിശ്ശിക 37,24,950 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly